## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5323 — 01/07/2014 ൽ മറുപടിയ്ക്ക്

### വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഗീതാ ഗോപി** | | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** | |
| (എ) | കേരളത്തിൽ നിയന്ത്രണാതീതമായി വരുന്ന പൊതു ഇടങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ നിയന്ത്രിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്ക് ശുചിത്വ മിഷൻ മുഖേന സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 നഗരസഭകളിൽ പുതിയ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്കും 27 മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് ആധുനിക വൽക്കരിക്കുന്നതിനും സാങ്കേതിക — സാമ്പത്തിക സഹായങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥാപനങ്ങളിലെയും വീടുകളിലെയും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് സ്വീകരിച്ച നിർദ്ദേശങ്ങളും നടപടികളും എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളിൽ എത്തേണ്ട മാലിന്യങ്ങളുടെ അളവ് ഒരു പരിധി വരെ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ ഗുണഭോക്താക്കൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യ പ്രാപ്തിക്കായി 64 നഗരസഭകളിലും ഏകദേശം എണ്ണൂറോളം ഗ്രാമ പഞ്ചായത്തുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ശുചിത്വ മിഷൻ മുഖേന സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്.<br>നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ എന്ന പദ്ധതി 10.05 കോടി രൂപ മുതൽ മുടക്കിൽ 2013-14 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ നടപ്പിലാക്കി വരുന്നു. നഗര ഹരിതവൽക്കരണം, കുളങ്ങളുടെ നവീകരണം, നഗര കൃഷി, ഉറവിട മാലിന്യ |

സംസ്കരണം, ഗ്രീൻ ടെക്നോളജി എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പരിസ്ഥിതി വകുപ്പിന്റെ ഏകോപനത്തിൽ വനം വകുപ്പ് (സാമൂഹ്യ വനവൽക്കരണം), കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, ATMA, CCDU എന്നീ സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ വിജയത്തിനായി പ്രവർത്തിക്കുന്നു.

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണ മെന്ന ആശയം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനു സ്വീകരിച്ച ഭരണ നടപടികളും കർമ്മ പദ്ധതികളും വിശദമാക്കുമോ;

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണ മെന്ന ആശയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് മുന്നോട്ട് വരുന്ന ഗുണഭോക്താക്കൾക്ക് ഉയർന്ന തരത്തിലുള്ള സബ്സിഡി നൽകി പ്രോത്സാഹിപ്പിച്ചു വരുന്നു. കൂടാതെ സ്ഥാപനതലത്തിൽ മാലിന്യ സംസ്കരണം നടത്തുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി പ്രോജക്ട് ലഭിക്കുന്നത് പരിശോധിച്ച് സാങ്കേതികാനുമതിയും സാമ്പത്തിക് സഹായവും നൽകിവരുന്നു.

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വേസ്റ്റ് മാനേജ്മെന്റ് പൈലറ്റ് പ്രോജക്ടായി, തിരുവനന്തപുരം കോർപ്പറേഷനിലെ തെരഞ്ഞെടുത്ത മൂന്നു വാർഡുകളിൽ (കവടിയാർ, ശാസ്തമംഗലം, കുറവൻകോണം), ചെയ്തു വരുന്നു. ബാംഗ്ലൂർ ആസ്ഥാനമായുള്ള വി-കെയർ എന്ന കമ്പനിയുമായി സഹകരിച്ചാണ് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നത്.

(ഡി) മാലിന്യ രഹിത കേരളമെന്ന ആശയം മുൻനിർത്തി വമ്പിച്ച ജനകീയ പ്രചരണം ആലോചനയിലുണ്ടോ; വിശദീകരിക്കുമോ?

(ഡി) പങ്കാളിത്ത പാരിസ്ഥിതിക കർമ്മ പദ്ധതിയിൻകീഴിൽ ശുചിത്വ കേരളം പദ്ധതി നടപ്പാക്കാൻ പരിസ്ഥിതി വകുപ്പിൽ നിന്നും അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

മാലിന്യ രഹിത കേരളമെന്ന ആശയം മുൻനിർത്തി ജനങ്ങളെ ബോധവൽക്കരിക്കുന്നതിലേയ്ക്ക് എല്ലാ ജില്ലകളിലും ജില്ലാ കോ - ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ